LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് പുതിയ ആഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ജില്ലാ, താലൂക്കുകളിലെ ആഫീസുകൾക്കായി മന്ദിരം നിർമ്മിച്ചു നൽകുന്നതിന് കോഴിക്കോട് ജില്ലയിലെ സഹകരണ സംഘങ്ങൾ മുന്നോട്ടുവന്നിട്ടുണ്ട്. എന്നാൽ നിലവിലുള്ള കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് കേസുള്ള സാഹചര്യത്തിൽ നിലവിലുള്ള കെട്ടിടം പൊളിക്കുന്നതിന് അനുമതി ലഭിക്കേണ്ടതായുണ്ട്. പഴയ കെട്ടിടത്തിന്റെ നിർമ്മാണത്തിൽ അഴിമതി കണ്ടെത്തിയതിനെ തുടർന്ന് നഷ്ടത്തുക ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കുന്നതിന് വിജിലൻസ് വകുപ്പ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്ക് പൊതുമരാമത്ത് വകുപ്പ് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരിക്കുകയാണ്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വിജിലൻസ് വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്.

(ബി) ടി സ്ഥലത്ത് സഹകരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ അനുമതിയും അനുയോജ്യമായ പ്രൊപ്പോസലും ലഭിക്കുകയാണെങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സ്കൂളുകളിൽ ശൗചാലയങ്ങൾ നിർമ്മിക്കാൻ നടപടി

93 (2331) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങളുടെ ലാഭവിഹിതം ഉപയോഗിച്ച് സ്കൂളുകളിൽ ശൗചാലയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) കേരളത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംഘങ്ങളുടെ ലാഭവിഹിതം ഉപയോഗിച്ച് സ്കൂളുകളിൽ ശൗചാലയങ്ങൾ നിർമ്മിക്കുന്ന ഒരു പദ്ധതി സഹകരണ വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ രൂപരേഖയ്ക്ക് അന്തിമ രൂപമായിട്ടില്ല.

(ബി) കേരളത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ വിവരങ്ങൾ തരംതിരിച്ച് ചുവടെ ചേർക്കുന്നു:

1.	പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ സംഘം	822
2.	എംപ്ലോയീസ് സഹകരണ സംഘം	431
3.	വെൽഫെയർ സഹകരണ സംഘം	36
4.	വനിതാ സഹകരണ സംഘം	199
5.	അർബൻ സഹകരണ സംഘം	46
6.	ഹൗസിംഗ് സഹകരണ സംഘങ്ങൾ	39
7.	അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം	44
8.	റൂറൽ ഡവലപ്മെന്റ് സഹകരണ സംഘങ്ങൾ	30
9.	പി.സി.എ.ആർ.ഡി.ബി. (കാർഷിക വികസന ബാങ്കുകൾ)	15
10.	ലേബർ കോൺട്രാക്ട് സഹകരണ സംഘം	22
11.	ഹോസ്പിറ്റൽ സഹകരണ സംഘം	9
12.	മാർക്കറ്റിംഗ് സഹകരണ സംഘം	14
13.	എഡ്യൂക്കേഷണൽ സഹകരണ സംഘം	299
14.	അർബൻ സൊസൈറ്റി	38
15.	ജില്ലാ സഹകരണ ബാങ്ക്	12
16.	സഹകരണ ഫെഡറേഷനുകൾ	3
17.	എസ് സി./എസ് ടി. സഹകരണ സംഘം	4
18.	മറ്റുള്ളവ	1676
	ആകെ	3739

LIBRARY ARCHIVES Kerala Legislative Assembly